ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെൻറ് പ്രസ്സുകളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

ഗവൺമെൻറ് സെൻട്രൽ പ്രസ്, തിരുവനന്തപുരം	1080
ഗവൺമെൻറ് പ്രസ്, എറണാകുളം	337
ഗവൺമെൻറ് പ്രസ്, ഷൊർണൂർ	354
ഗവൺമെൻറ് പ്രസ്, കണ്ണൂർ	80
ഗവൺമെൻറ് സ്റ്റാമ്പ് മാനുഫാക്ചറി, തിരുവനന്തപുരം	165
സെൻട്രൽ പ്രിസൺ പ്രസ്, തിരുവനന്തപുരം	29
ഗവൺമെൻറ് പ്രസ്, കോഴിക്കോട്	32
ഗവൺമെൻറ് പ്രസ്, വയനാട്	23
ഗവൺമെൻറ് പ്രസ്, മണ്ണന്തല	52

(ബി) തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധ ക്ഷണിക്കൽ

(1) സമ്പൂർണ്ണ മദ്യനിരോധനത്തിനുള്ള സംരംഭങ്ങളും മദ്യഷാപ്പുകളുടെ ദൂരപരിധി നിബന്ധനയും മൂലം ഉളവാകുന്ന തൊഴിലില്ലായ്മ

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം അഞ്ചു വർഷത്തിനകം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന മദ്യ നിരോധന കൗൺസിൽ 9.30 a.m.] നടത്തിവരുന്ന പ്രക്ഷോഭണങ്ങളും സമര സന്നാഹങ്ങളും ഇപ്പോൾ ഗവൺമെൻറ് അതിന് നൽകിവരുന്ന പ്രോത്സാഹനങ്ങളും സഹായങ്ങളും ചെത്തുതൊഴിലാളികളും മദ്യവ്യവസായ തൊഴിലാളികളും ആയ ഒരു ലക്ഷത്തിലധികം പേരുടെ തൊഴിലിന് എതിരെ ഗുരുതരമായ ഭീഷണി ഉയർത്തിയിരിക്കുകയാണ്. തങ്ങളുടെ തൊഴിലിന് സുരക്ഷിതത്വം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള പതിനായിരക്കണക്കിന് ചെത്തു തൊഴിലാളികളും മദ്യ വ്യവസായ തൊഴിലാളികളും ഇന്ന് സെക്രട്ടറിയറ്റിൻെറയും നിയമസഭയുടെയും മുമ്പാകെ പ്രകടനം നടത്തുകയാണ്. മദ്യനിരോധനം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ചോദ്യോത്തര വേളയിൽ പ്രസ്താവിച്ചുവെങ്കിലും തൊഴിലാളികളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് അതു പര്യാപ്തമല്ല. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുമെന്ന് മദ്യനിരോധന സമിതിക്ക് ഉറപ്പ് നൽകിയിരുന്നുവെന്നും അതിൻെറ ആദ്യപടിയായിട്ട് ആണ് 400 മീറ്റർ ദൂരപരിധി ഈ വർഷം നിർബന്ധമാക്കിയതെന്നുമാണ് മദ്യ നിരോധന കൗൺസിലിൻെറ നേതാക്കൾ അവകാശപ്പെടുന്നത്. ആ ഉറപ്പ് പാലിക്കാത്തതിനെതിരായിട്ടാണ് സമര പ്രഖ്യാപനം നടത്തിയത്.

†അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

ആ സമര പ്രഖ്യാപനം നടത്തിയ സമിതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശീർവാദം നൽകുകയും അവരുടെ സമരസംരംഭങ്ങൾക്ക് 25,000 രൂപ നമ്മുടെ ബജനാവിൽനിന്ന് സംഭാവന നൽകുവാൻ 16–6–1986–ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരിക്കുകയാണ്. മദ്യ നിരോധനം പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്തത് ഒരു ആദർശമാണെന്നും മദ്യ നിരോധനം നടപ്പാക്കിയാൽ വിപരീത ഫലമാണ് ഉണ്ടാവുകയെന്നും സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം അറിയാം. 1948 മുതൽ 1969 വരെ കേരളത്തിന്റെ പല ഭാഗങ്ങളിലും മദ്യ നിരോധനം നടപ്പാക്കിയതാണ്. കള്ളവാറ്റ് കുടിൽ വ്യവസായമായി വളർന്നതും മാരകമായ വിഷമദ്യം സാർവ്വത്രികമായി പ്രചരിച്ചതും നിരോധിച്ചതിന്റെ ഫലമായിരുന്നു. സർക്കാരിന്റെ അബ്കാരി വരുമാനം നഷ്ടപ്പെടുത്താനും ആയിരക്കണക്കിന് തൊഴിലാളികളുടെ പരമ്പരാഗത തൊഴിൽ നഷ്ടപ്പെടുത്താനും മാത്രമേ അത് പ്രയോജനപ്പെട്ടുള്ളൂ. അത് ഇനിയും ആവർത്തിക്കരുതെന്നാണ് എല്ലാ രാഷ്ട്രീയ വിഭാഗത്തിലും പെട്ട ഐ. എൻ. ടി. യു. സി. (ഐ); എ. ഐ. ടി. യു. സി., സി. ഐ. ടി. യു., യു. ടി. യു. സി. എന്നീ സംഘടനകളിൽപ്പെട്ട –ചെത്തു തൊഴിലാളി–മദ്യവ്യവസായ തൊഴിലാളി– സംഘടനകളും സംയുക്തമായി ഈ പ്രക്ഷോഭത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. 400 മീറ്റർ ദൂര പരിധി പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. 1972–ൽ ദൂരപരിധി ഏർപ്പെടുത്തുമ്പോൾ വളരെ കുറച്ച് മദ്യ ഷോപ്പുകളെ പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്നുള്ളൂ. അതു മാറ്റാൻ അസാദ്ധ്യമാണെന്ന് അന്നുതന്നെ ബോദ്ധ്യമുള്ളതുകൊണ്ടാണ് എക്സംപ്ഷൻ നൽകുവാൻ അന്നത്തെ നിയമത്തിൽതന്നെ എക്സൈസ് കമ്മീഷണർക്ക് അധികാരം നൽകിയത്. എന്നാൽ 1972–നു ശേഷം കഴിഞ്ഞ 14 വർഷത്തിനിടയ്ക്ക് സംസ്ഥാനത്ത് ആയിരക്കണക്കിന് സ്കൂളുകളും ദേവാലയങ്ങളും പുതുതായി സ്ഥാപിക്കപ്പെട്ടു. അങ്ങനെ വന്നപ്പോൾ 50 ശതമാനത്തിലധികം മദ്യ ഷോപ്പുകളും 400 മീറ്റർ ദൂരപരിധിക്കകത്തായി. എക്സംപ്ഷൻ കൊടുക്കാൻ ഉള്ള അധികാരം ഈ സന്ദർഭത്തിൽ എടുത്തു കളഞ്ഞുകൊണ്ടാണ് ഗവൺമെന്റ് റൂൾ ഭേദഗതി ചെയ്തത്. അതുമൂലം ഈ ഷോപ്പുകളെല്ലാം ഇന്ന് മാറി സ്ഥാപിക്കണമെന്ന് വന്നിരിക്കുകയാണ്. അത് പ്രായോഗികമായി അസാദ്ധ്യവുമാണ്. ഇത് പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്തതാണെന്ന് റവന്യൂ ബോർഡും അന്നത്തെ എക്സൈസ് വകുപ്പ് മന്ത്രിയും ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നതാണ്. അതെല്ലാം അവഗണിച്ചുകൊണ്ട് മദ്യ നിരോധന കൗൺസിലിന്റെ സമ്മർദ്ദത്തിന് വഴങ്ങി ദൂര പരിധി നിർബന്ധമാക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും ഭേദഗതി വരുത്തുകയും ചെയ്തു. സർ, ഇതിന്റെ ഫലമായി ഈ വർഷം ഇപ്പോൾതന്നെ പല ഷോപ്പുകളും അടച്ചുപൂട്ടിയിരിക്കുകയാണ്. ഷോപ്പുകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ചെത്തു തൊഴിലാളികളുടെയും മറ്റ് നിലവാരക്കാരുടെയും തൊഴിൽ ഇതിനകം പലയിടത്തും നഷ്ടപ്പെടുന്ന സ്ഥിതിയാണ്. ഇനിയും കൂടുതൽ ഷോപ്പുകൾ അടപ്പിക്കാനുള്ള ശ്രമം നടന്നുവരികയാണ്. എറണാകുളം ജില്ലയിൽ അടുത്ത ദിവസങ്ങളിലായി പോലീസ് രംഗത്തു വന്ന് ഷോപ്പുകൾ അടപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. തൊഴിലാളികളുടെ പേരിലാണ് കേസ് ചാർജ് ചെയ്യുന്നത്. മദ്യ വ്യവസായരംഗത്തെ ആകെ ഗുരുതരമായ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കയാണ്. നാട്ടിൽ ഉടനീളം മദ്യഷോപ്പുകളുടെ പേരിൽ സംഘർഷവും സംഘട്ടനങ്ങളും വളർന്നുവരാൻ അത് വഴിതെളിച്ചിരിക്കുകയാണ്. അപ്രായോഗികമായ 400 മീറ്റർ ദൂര പരിധി ഉടനടി പുനഃപരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ഭേദഗതി വരുത്തണമെന്നും വിദേശ മദ്യബാറുകൾക്ക് അനുവദിച്ചപോലെ മറ്റു മദ്യഷോപ്പുകൾക്കും മുമ്പുണ്ടായിരുന്ന കെട്ടിടങ്ങളിൽ തന്നെ ഷാപ്പു നടത്തുന്നതിന് ലൈസൻസ് നൽകണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, കേരളത്തിൽ അഞ്ചു വർഷത്തിനകം സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുമെന്ന് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. മദ്യ നിരോധന സമിതിയുടെ സമ്മർദ്ദത്തിന് വിധേയമായിട്ടുള്ള യാതൊരു തീരുമാനവും അല്ല എടുത്തിട്ടുള്ളത്. അവർക്ക് അങ്ങനെ ഒരു ഉറപ്പും നൽകിയിട്ടില്ല. അഞ്ചു വർഷത്തിനകമോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക കാലാവധിക്കകമോ സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുമെന്ന ഒരു തീരുമാനവും എടുത്തിട്ടില്ല. എന്നാൽ മദ്യം വിഷമാണെന്നും മദ്യം കഴിക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്നും ഗവൺമെൻറിന് അഭിപ്രായമുണ്ട്. അതുകൊണ്ട് മദ്യവർജ്ജന പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഇപ്പോഴത്തെ നിലവിലുള്ള മദ്യനയം തുടരണമെന്നും ഗവൺമെൻറ് കരുതുന്നു. ഈ രണ്ടു പദ്ധതികളും കേരളാ ഗവൺമെൻറിന്റെ മാത്രമല്ല ഇൻഡിപെൻഡൻറ് ഏജൻസികളും വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻപോലും ചെയ്യുന്നതാണ്. ഒരു സിഗരറ്റ് കൂടി എടുത്തു നോക്കിയാൽ cigarette smoking is injurious to health എന്ന് അതിൽ എഴുതിയിട്ടുണ്ട്. അതായത് പ്രചരണം കൊണ്ട് ഈ ദുശ്ശീലത്തിൽ നിന്നും സമൂഹത്തെയും വ്യക്തികളെയും മോചിപ്പിക്കുക എന്ന തത്വം കേരളാ ഗവൺമെൻറ് മാത്രമല്ല ലോകത്തെമ്പാടുമുള്ള പരിഷ്കൃത ഗവൺമെൻറുകളും ഇതിന്റെ പ്രായോഗികത കണക്കിലെടുത്ത് അംഗീകരിച്ചിരിക്കയാണ്. അങ്ങനെ അംഗീകരിച്ച തത്വത്തിന്റെ ഒരു ഭാഗമെന്ന നിലയിലാണ് ഇപ്പോഴത്തെ ഈ നയവും അതുപോലെതന്നെ സമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടി ഒരു നല്ല ആദർശമെന്നുള്ള നിലയിൽ മദ്യ വർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും ഗവൺമെൻറിന്റെ ഇപ്പോഴത്തെ നിലവിലുള്ള മദ്യ നയം തുടരുന്നതിനും തീരുമാനിച്ചത്. മദ്യ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ പ്രശ്നവും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അത് നടപ്പാക്കുമ്പോഴുണ്ടാവുന്ന പ്രായോഗിക പ്രശ്നങ്ങളും കൂടി പരിഗണിച്ചശേഷം മാത്രമേ ഗവൺമെൻറ് ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുകയുള്ളൂ. ആ പ്രായോഗികത കൂടി പരിഗണിച്ചാണ് ഇപ്പോഴത്തെ മദ്യ നിരോധന നയം തുടർന്ന് നടത്തുന്നത്. സംസ്ഥാനത്തിന്റെ ചില പ്രശ്നങ്ങളും ഇതിൽ അടങ്ങിയിരിപ്പുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു ആൾട്ടർനേറ്റീവ് എംപ്ലോയ്മെൻറിനുള്ള സംവിധാനം കണ്ടുപിടിക്കുന്നതുവരെ അവരുടെ ജോലിയുടെ ഉറപ്പിനോ അതിന്റെ കണ്ടിന്യൂറ്റിയോ അല്ലെങ്കിൽ ജോലി കുറയ്ക്കുന്നതിനോ ഇടയുള്ള യാതൊരു സാഹചര്യങ്ങളും ഉണ്ടാകത്തക്ക ഒരു മദ്യനയം ഗവൺമെൻറ് നിശ്ചയമായും എടുക്കുകയില്ല. ഷോപ്പുകളുടെ ദൂരത്തെ സംബന്ധിച്ചുള്ള നിയമം മുമ്പേ നിലവിലിരിക്കയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ അതിൽ എക്സംപ്ഷൻ കൊടുക്കാൻ കമ്മീഷണർക്ക് ഉണ്ടായിരുന്ന അധികാരം മാറ്റിയത്, മദ്യ വർജ്ജന സമിതിയുടെ സമ്മർദ്ദം കൊണ്ടാണെന്നുള്ളത് ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ പറഞ്ഞതാണ്. ഈ ദൂരപരിധിയിൽനിന്നും ഷോപ്പുകൾക്ക് എക്സംപ്ഷൻ അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് പ്രത്യേക അധികാരം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഇത് ചോദ്യം ചെയ്യുകയും തുടർന്ന് കോടതി അത് സാധു അല്ലെന്ന് വിധിക്കുകയും ആ വിധിന്യായം ഗവൺമെൻറ് പരിഗണിക്കുകയും ചെയ്തു. ആ വിധി ന്യായത്തിൻെറ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർക്ക് ഉണ്ടായിരുന്ന പ്രത്യേക അധികാരം 1—4—1986 മുതൽ എടുത്തു കളയുകയും ചെയ്തു. മദ്യനിരോധന സമിതിയുടെ സമ്മർദ്ദത്തിനു വഴങ്ങിയല്ല ഗവൺമെൻറ് ഈ മാറ്റം ചെയ്തത്. ഇപ്പോഴത്തെ വ്യവസ്ഥകൾ പാലിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ പ്രായോഗികമായി ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. അതിനെ സംബന്ധിച്ചുള്ള മെമ്മോറാണ്ടങ്ങളൊക്കെ ഗവൺമെൻറ് പരിഗണിച്ചു. ദൂരം അളക്കുന്നതിനെ സംബന്ധിച്ച്. ഗവൺമെൻറിൻെറയും ആക്ടിലെയും നയം door to door എന്ന നിലയിൽ ഏറ്റവും ഷോർട്ട് ആയിട്ടുള്ള അക്സസ്സിബിൾ റോളായിരുന്നു. അതിനെ സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായതിനെത്തുടർന്ന് ഈ കാര്യത്തിൽ അങ്ങനെ ചെയ്യേണ്ടിവന്നതാണ്. ഇതിനെ സംബന്ധിച്ച് ഒരു കേസ് സുപ്രീം കോടതിയിൽ വരെ ചോദ്യം ചെയ്തു കിടപ്പുണ്ട്. കോടതിയുടെ വിധിയിൽ എന്തു ചെയ്യാൻ ഒക്കും എന്നുള്ളത് ഗവൺമെൻറ് പരിശോധിച്ച് നടപടികൾ എടുത്തു വരികയാണ്. പ്രയാസങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ച് സാദ്ധ്യമായ നടപടികൾ മെമ്മോറാണ്ടത്തിൻെറയും തൊഴിലാളികളുടെ ഡിമാൻറിൻെറയും അടിസ്ഥാനത്തിൽ എടുക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: 400 മീറ്റർ ദൂര പരിധി ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ഉണ്ടാക്കിയതാണെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ എക്സംപ്ഷൻെറ കാര്യം എടുത്തു കളയാമെന്നും ഹൈക്കോടതി പറഞ്ഞില്ല. നേരെ മറിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 1972—നു ശേഷം കൂടുതൽ സ്കൂളുകളും ദേവാലയങ്ങളുമൊക്കെ വന്നതിൻെറ ഫലമായി ഭൂരിപക്ഷം ഷോപ്പുകളും ദൂര പരിധിയ്ക്കകത്തായി. അങ്ങനെ 50 ശതമാനത്തിലധികം ഷോപ്പുകൾക്കും എക്സംപ്ഷൻ കൊടുക്കുന്നത് ശരിയല്ലെന്ന് ഹൈക്കോടതി പറഞ്ഞത് ശരിയാണ്. ആത് പ്രായോഗികമായി നിയമത്തിൽ ഭേദഗതി വരുത്തുകയാണ് വേണ്ടത്. തലവേദന വന്നാൽ തല വെട്ടുകയല്ല വേണ്ടത്. ആ വിധത്തിൽ 1972—ലെ പരിധിക്ക് ആവശ്യമായ ഭേദഗതി വരുത്താൻ ഗവൺമെൻറിന് എന്താണ് തടസ്സം?

ശ്രീ. കെ. ശിവദാസൻ: ഞാൻ പറഞ്ഞത്, മദ്യനിരോധന സമിതിയുടെ സമ്മർദ്ദത്തിനു വഴങ്ങി ഒരു മാറ്റം വരുത്തിയെന്നു പറഞ്ഞത് ശരിയല്ല, ഹൈക്കോടതി വിധിപരിഗണിച്ച് അത് മാനിക്കുന്നതിനു വേണ്ടി ഗവൺമെൻറ് എടുത്ത തീരുമാനത്തിൻെറ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. എതായാലും ഇതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. ഈ എല്ലാ അഭിപ്രായങ്ങളും പരിഗണിച്ച് സാദ്ധ്യമായ നടപടികൾ എടുക്കുന്നതാണ്.

(2) കുമരകം—വെച്ചൂർ റോഡിൻെറ ശോചനീയാവസ്ഥ

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തിലേക്ക് എത്തിച്ചേരത്തക്ക വിധത്തിൽ കോട്ടയത്തുനിന്നും എറണാകുളത്തുനിന്നും എത്തിച്ചേരുന്ന കുമരകം—വെച്ചൂർ റോഡിൻെറ ശോചനീയ

LIBRARY ARCHIVES Kerala Legislative Assembly